# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1321** **06.03.2020 ൽ മറുപടിയ്ക്ക്**

**വിഷമയമായ പച്ചക്കറികളുടെ വിൽപന**

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | എത്ര ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് സംസ്ഥാനത്തിന്റെ വാർഷിക ആവശ്യകതയെന്നും നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത് എത്ര ലക്ഷം മെട്രിക് ടണ്ണാണെന്നും വിശദമാക്കാമോ; | എ) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യകത പ്രതിവർഷം 20 ലക്ഷം മെട്രിക് ടണ്ണാണ്. നിലവിൽ സംസ്ഥാനത്ത് 12.12 ലക്ഷം മെട്രിക് ടണ്ണാണ് ഉല്പാദിപ്പിക്കുന്നത്. . |
| ബി) | നാടൻ പച്ചക്കറിയെന്ന പേരിൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന വിഷമയമായ പച്ചക്കറികൾ കേരളത്തിൽ പല സ്ഥലത്തും വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി)<br>&<br>സി) | അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന വിഷമയമായ പച്ചക്കറികൾ നാടൻ പച്ചക്കറിയെന്ന പേരിൽ കേരളത്തിൽ പലയിടത്തും വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇവയുടെ ഉപയോഗം ഒരു പരിധിവരെ തടയുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളുടെ സാമ്പിൾ കേരള കാർഷിക സർവ്വകലാശാലയുടെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് ഫലം സർക്കാർ/കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ കർഷകർക്കും പൊതുജനങ്ങൾക്കും പച്ചക്കറികളിലെ വിഷാംശം സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക വിപണികൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവയിലൂടെ ഹോർട്ടികോർപ്പ് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിലൂടെ കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുന്നതിനും കൃഷി വകുപ്പിന് സാധിക്കുന്നുണ്ട്. |
| സി) | ഇത് തടയുന്നതിന് സംസ്ഥാനത്തെ ഗ്രാമങ്ങളിലെ കാർഷിക വിപണികളിൽ നിന്നും നേരിട്ട് പച്ചക്കറി എടുത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ